(ഡി) വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിൽ ഏതെല്ലാം തസ്തികകളിലേക്ക് എത്ര വീതം നിയമനം നടത്തുകയുണ്ടായി; വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) സംസ്ഥാന സഹകരണ ബാങ്കിലെ കണ്ടിജൻസി ജീവനക്കാരെ നേരിട്ട് നിയമനം നടത്തുന്നതിനുള്ള അധികാരം ഭരണ സമിതിക്കുണ്ട്.

(ബി) & (സി) ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ

*22 [625] *ശ്രീ. തമ്പാനൂർ രവി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഡിവിഷനുകൾ ഉള്ള ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ആവശ്യമെങ്കിൽ ഒരെണ്ണം ഇംഗ്ലീഷ് മീഡിയം ആക്കി മാറ്റുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് ഇപ്പോൾ ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കായി സിലബസുകൾ ഏകീകരിക്കുന്നതിനും, വിദ്യാഭ്യാസ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ മാത്രം പഠിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്

(ബി) 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ എൻ. സി. ഇ. ആർ. ടി. ആണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

നബാർഡിൽ നിന്നും ലഭിച്ച വായ്പ

*23 [626] *ശ്രീ. ഇ. എം. അഗസ്തി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്കുവേണ്ടി നബാർഡ് അനുവദിച്ച വായ്പ ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ എപ്പോഴെങ്കിലും പൂർണ്ണമായും സംസ്ഥാനം ഉപയോഗിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly